**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2971** **25-06-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിൽ തെങ്ങിലക്കടവ് - ആയംകുളം റോഡിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ ചെറുപുഴയുടെ തീരത്ത് കൂടി കടന്നു പോകുന്ന തെങ്ങിലക്കടവ് - ആയംകുളം റോഡിന്റെ അൻപത് മീറ്ററോളം ഭാഗം പുഴയിലെ കുത്തൊഴുക്ക് കാരണം പൂർണ്ണമായും തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രദേശവാസികളുടെ ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന പ്രസ്തുത ഭാഗം കെട്ടി സംരക്ഷിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 2024 മെയ് മാസത്തിലെ ശക്തമായ മഴയെ തുടർന്ന് തകർന്ന, മാവൂർ പഞ്ചായത്തിൽപ്പെട്ട തെങ്ങിലക്കടവ് - ആയങ്കുളം റോഡിന്റെ പുഴയോട് ചേർന്നുള്ള ഭാഗം കെട്ടി സംരക്ഷിക്കുന്നതിനു വേണ്ടി “Urgent Protection Works to the left bank of Cherupuzha downstream of Thengilakadavu bridge along Thengilakadavu Ayamkulam Road in Ward No. 16 of Mavoor Panchayath" എന്ന പ്രവർത്തിയ്ക്ക് 30.30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവർത്തിയുടെ മുൻഗണനയും പരിഗണിച്ച് ഭരണാനുമതിയ്ക്കുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. കൂടാതെ ദുരന്ത നിവാരണ ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് കീഴ്കാര്യാലയത്തിൽ നിന്നും ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിയ്ക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | 2024 മെയ് മാസത്തിലെ ശക്തമായ മഴയെ തുടർന്ന് തകർന്ന, മാവൂർ പഞ്ചായത്തിൽപ്പെട്ട തെങ്ങിലക്കടവ് - ആയങ്കുളം റോഡിന്റെ പുഴയോട് ചേർന്നുള്ള ഭാഗം കെട്ടി സംരക്ഷിക്കുന്നതിനു വേണ്ടി “Urgent Protection Works to the left bank of Cherupuzha downstream of Thengilakadavu bridge along Thengilakadavu Ayamkulam Road in Ward No. 16 of Mavoor Panchayath" എന്ന പ്രവർത്തിയ്ക്ക് 30.30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവർത്തിയുടെ മുൻഗണനയും പരിഗണിച്ച് |

| | | | |
|---|---|---|---|
| | | | ഭരണാനുമതിയ്ക്കുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. കൂടാതെ ദുരന്ത നിവാരണ ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് കീഴ്ക്കാര്യാലയത്തിൽ നിന്നും ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ